**Sree Sankaracharya University of Sanskrit, Kalady**
**(A Statutory Educational Institution Constituted by Government of Kerala)**
**Reaccredited by NAAC with 'A+'Grade**
**Kalady P.O., Ernakulam (Dist), Kerala – 683 574**
**Phone: 0484-2463380, 9446061639, E-mail: reg@ssus.ac.in, Website: www.ssus.ac.in**

തീയതിঃ 07.04.2026

## പ്രസിദ്ധീകരണത്തിന്

## സംസ്കൃത സർവ്വകലാശാലയിൽ ദേശീയ ശാസ്ത്രാർത്ഥസഭ സംഘടിപ്പിച്ചു

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതം വ്യാകരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മേൽപ്പുത്തൂർ നാരായണഭട്ടപാദ സ്മാരക ദ്വിദിന ദേശീയ ശാസ്ത്രാർത്ഥസഭ വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ് ഉദ്ഘാടനം ചെയ്തു. കാലടി മുഖ്യകാമ്പസിൽ നടന്ന ചടങ്ങിൽ ഡോ. ആർ. ഡി. സുനിൽകുമാർ അധ്യക്ഷനായിരുന്നു. പ്രൊഫ. മീനാമ്പാൾ നാരായണന്റെ സർവ്വകലാശാല പ്രസിദ്ധീകരിച്ച 'ഗളിതകുസുമം' എന്ന പുസ്തകത്തിന്റെ പ്രകാശനം വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ് നിർവ്വഹിച്ചു. പ്രൊഫ. കെ. മുത്തുലക്ഷ്മി പുസ്തകം ഏറ്റുവാങ്ങി. പ്രൊഫ. കൃഷ്ണകുമാർ, പ്രൊഫ. മീനാമ്പാൾ നാരായണൻ, പ്രൊഫ. കെ. മുത്തുലക്ഷ്മി എന്നിവരെ പൊന്നാടയണിയിച്ച് ആദരിച്ചു. പ്രൊഫ. കെ. മുത്തുലക്ഷ്മി മേൽപ്പുത്തൂർ അനുസ്മരണ പ്രഭാഷണം നടത്തി. പ്രൊഫ. മീനാമ്പാൾ നാരായണൻ, ഡോ. കെ. സി. രേണുക, ഡോ. ആതിര ജാതവേദൻ, ഡോ. രതി ടി. എസ്. എന്നിവർ പ്രസംഗിച്ചു. തുടർന്ന് നടന്ന ശാസ്ത്രാർ ത്ഥ സദസിന് പ്രൊഫ. കൃഷ്ണകുമാർ നേതൃത്വം നൽകി.

**ഫോട്ടോ അടിക്കുറിപ്പ് :** ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ സംസ്കൃതം വ്യാകരണ വിഭാഗത്തിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച മേൽപ്പുത്തൂർ നാരായണഭട്ടപാദ സ്മാരക ദ്വിദിന ദേശീയ ശാസ്ത്രാർത്ഥസഭ കാലടി മുഖ്യകാമ്പസിൽ വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ് ഉദ്ഘാടനം ചെയ്യുന്നു.

**ജലീഷ് പീറ്റർ**
പബ്ലിക് റിലേഷൻസ് ഓഫീസർ
ഫോൺ നം. 9447123075